LIBRARY ARCHIVES Kerala Legislative Assembly

ജനകീയ പ്രക്ഷോഭങ്ങൾക്ക് നേരെ ലാത്തിച്ചാർജ്ജ്

182 (3692) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇതുവരെ ജനകീയ പ്രക്ഷോഭങ്ങൾക്ക് നേരെ പോലീസ് എത്ര പ്രാവശ്യം ലാത്തിചാർജ്ജ്, ടിയർ ഗ്യാസ്, ജലപീരങ്കി തുടങ്ങിയ പ്രയോഗങ്ങൾ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ പോലീസ് ജനപ്രതിനിധികളോട് അപമര്യാദയായി പെരുമാറിയതോ ജനപ്രതിനിധികളെ മർദ്ദിച്ചതോ ആയ എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്;

(സി) ജനകീയ സമരങ്ങളിൽ പങ്കെടുത്തതിന്റെ പേരിൽ എത്ര പേർക്കെതിരെ കേസ് എടുത്തിട്ടുണ്ട്;

(ഡി) പൊതു നിരത്തിൽ പ്രകടനം നടത്തിയതിന്റെ പേരിൽ എത്ര പേർക്കെതിരെ കേസ്സെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ ജനകീയ പ്രക്ഷോഭങ്ങൾക്ക് നേരെ പോലീസ് 26 പ്രാവശ്യം ലാത്തി ചാർജ്ജും 97 തവണ ടിയർ ഗ്യാസും 90 തവണ ജലപീരങ്കിയും പ്രയോഗിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത കാലയളവിൽ പോലീസ് ജനപ്രതിനിധികളോട് അപമര്യാദയായി പെരുമാറിയതുമായി ബന്ധപ്പെട്ട് നാല് പരാതികൾ ലഭിച്ചിട്ടുണ്ട്. ജനപ്രതിനിധികളെ മർദ്ദിച്ചതായ പരാതികൾ ഒന്നും ലഭിച്ചിട്ടില്ല.

(സി) ജനകീയ സമരങ്ങളിൽ പങ്കെടുത്തിന്റെ പേരിൽ 3,69,980 പേർക്കെതിരെ കേസ് എടുത്തിട്ടുണ്ട്.

(ഡി) പൊതു നിരത്തിൽ പ്രകടനം നടത്തിയതിന്റെ പേരിൽ 4,83,840 പേർക്കെതിരെ കേസ്സെടുത്തിട്ടുണ്ട്.

പോലീസ് സേനയിലെ ഇ-ബീറ്റ് പദ്ധതി

183 (3693) ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. രാജു എബ്രഹാം :
ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് നവീകരണത്തിന്റെ ഭാഗമായി ഇ-ബീറ്റ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) പദ്ധതി നടത്തിപ്പിലുണ്ടായ ക്രമക്കേടുകൾ മൂലം ഉണ്ടായതായി കരുതുന്ന നഷ്ടം എത്രയാണ്;

(സി) അന്വേഷണത്തിലെ നിഗമനങ്ങൾ എന്തായിരുന്നു; വിശദമാക്കാമോ;

(ഡി) ഉത്തരവാദികളായ ആർക്കെല്ലാമെതിരെ ശിക്ഷാ നടപടികൾ സ്വീകരിക്കുകയുണ്ടായി;

(ഇ) ഇ-ബീറ്റ് ഇടപാട് സംബന്ധിച്ച് ബന്ധപ്പെട്ട ഐ.ജി.ക്കെതിരെയും അന്വേഷണം നടത്തിയ എസ്.പി.ക്കെതിരെയും ഡി.ജി.പി.-ക്ക് ലഭിച്ച പരാതി എന്തായിരുന്നു?

ഉത്തരം

(എ) ആധുനിക സാങ്കേതിക വിദ്യയിലൂടെ ബീറ്റ് ഡ്യൂട്ടി സംവിധാനം കാര്യക്ഷമമാക്കുന്നതിന് 'ഇ-ബീറ്റ്' സംവിധാനം, പതിമൂന്നാമത് ഫിനാൻസ് കമ്മീഷൻ അവാർഡ്, സ്റ്റേറ്റ് പ്ലാൻ സ്കീം എന്നീ പദ്ധതികളിലൂടെ ലഭിച്ച 188 ലക്ഷം രൂപ ഉപയോഗിച്ച് സംസ്ഥാനത്തെ 7 ജില്ലകളിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

(ബി-ഇ) ഇതുസംബന്ധിച്ച് എ.ഡി.ജി.പി. ക്രൈംസിന്റെ നേതൃത്വത്തിൽ അന്വേഷണം നടന്നുവരുന്നതേയുള്ളൂ.

ജില്ലാ ക്രൈംബ്രാഞ്ചുകളുടെ പ്രവർത്തനത്തിന് കർമ്മ പദ്ധതികൾ

184 (3694) ശ്രീ. കെ. അച്ചുതൻ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ ക്രൈം ബ്രാഞ്ചുകളുടെ പ്രവർത്തനത്തിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത് ;

(ബി) പ്രസ്തുത പദ്ധതിവഴി എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പ്രസ്തുത പദ്ധതി പ്രാവർത്തികമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly